(ഡി) മാനന്തവാടി സബ് രജിസ്ട്രാർ ആഫീസിലെ 2717/67-ാം നമ്പർ ആധാരപ്രകാരം കാഞ്ഞിരത്തിനാൽ ജോസിന് ലഭിച്ച 238/1 സർവ്വേ നമ്പറിൽപെട്ട 12 ഏക്കർ ഭൂമിയിൽനിന്നും 6 ഏക്കർ ഭൂമി മാനന്തവാടി സബ് രജിസ്ട്രാർ ആഫീസിലെ 2290/72-ാം നമ്പർ പ്രകാരം കാഞ്ഞിരത്തിനാൽ ജോർജിന് ധന നിശ്ചയം ചെയ്തുകൊടുത്തു. ഇങ്ങനെ ലഭിച്ച 6 ഏക്കർ വസ്തു ഉണ്ട്.

(ഇ) ഉണ്ട്. ടി വസ്തുക്കൾ സംബന്ധിച്ചു 1987 ജനുവരി 28 മുതൽ 2005 മാർച്ച് 21 വരെയുള്ള കുടിക്കട സർട്ടിഫിക്കറ്റ് വെള്ളമുണ്ട സബ് രജിസ്ട്രാറാഫീസിൽനിന്നും കൊടുത്തിട്ടുണ്ട്. ബാദ്ധ്യതകളൊന്നും ഇല്ല.

വി. ഇ. ഒ. ട്രെയിനിംഗ്

139 [2749] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ പ്രീ-സർവ്വീസ് ട്രെയിനിംഗ് നടത്താറുണ്ടോ;

(ബി) എങ്കിൽ എത്ര മാസത്തെ ട്രെയിനിംഗാണ് നടത്തുന്നതെന്നും, ട്രെയിനിംഗിന് എന്തൊക്കെ വിഷയങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഈ ട്രെയിനിംഗിന് സിലബസ് ഉണ്ടോ എന്നറിയിക്കാമോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ ട്രെയിനിംഗിന്റെ ഭാഗമായി പരീക്ഷ നടത്താറുണ്ടോ;

(ഇ) ഈ പരീക്ഷ പാസ്സാകുന്നവർക്ക് സർട്ടിഫിക്കറ്റിന് പുറമേ മാർക്ക് ലിസ്റ്റ് നൽകാറുണ്ടോ;

(എഫ്) ഇല്ലെങ്കിൽ ഉദ്യോഗസ്ഥർ സിലബസിൽ പറയും പ്രകാരമുള്ള വിഷയങ്ങൾ പഠിച്ചാണ് ട്രെയിനിംഗ് പൂർത്തിയാക്കിയതെന്ന് തെളിയിക്കുന്നതിനായി മാർക്ക് ലിസ്റ്റ് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ജി) ഈ ട്രെയിനിംഗ് പൂർത്തിയാക്കുന്നതുകൊണ്ടും പരീക്ഷ വിജയിക്കുന്നതുകൊണ്ടും വി. ഇ. ഒ.-മാർക്ക് എന്തൊക്കെ നേട്ടങ്ങളാണ് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 6 മാസം ദൈർഘ്യമുള്ള ട്രെയിനിംഗാണ് നടത്തുന്നത്. താഴെ പറയുന്ന വിഷയങ്ങളാണ് ട്രെയിനിംഗിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അഗ്രികൾച്ചർ, അനിമൽ ഹസ്ബൻട്രി, എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ,

LIBRARY ARCHIVES Kerala Legislative Assembly

റൂറൽ ഡെവലപ്പ്മെന്റ്, കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ്, റൂറൽ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, റൂറൽ സോഷ്യോളജി, റൂറൽ എക്കണോമിക്സ് ആന്റ് പ്ലാനിംഗ്, കോ-ഓപ്പറേഷൻ ആന്റ് പഞ്ചായത്ത് രാജ്, പബ്ലിക് ഹെൽത്ത് ആന്റ് എൻവയോൺമെന്റൽ സയൻസ്, ഫുഡ് ആന്റ് ന്യൂട്രീഷൻ, റൂറൽ ഇൻഡസ്ട്രീസ് ഓഫീസ് പ്രൊസീഡ്യൂർ.

(സി) ഉണ്ട്. സിലബസിന്റെ പകർപ്പ് അനുബന്ധമായി കൊടുത്തിരിക്കുന്നു. †

(ഡി) ഉണ്ട്.

(ഇ) മാർക്ക് ലിസ്റ്റ് തയ്യാറാക്കുന്നുണ്ട്. എന്നാൽ പരീക്ഷ പാസ്സായവർക്ക് സർട്ടിഫിക്കറ്റ് മാത്രമേ നൽകുന്നുള്ളൂ.

(എഫ്) വി. ഇ. ഒ. / എൽ. വി. ഇ. ഒ. തസ്തികയിൽ നിയമനം നൽകുന്നതിന് മുമ്പ് നൽകുന്ന ഒരു പരിശീലനമാകയാൽ മാർക്ക് ലിസ്റ്റ് കൂടി നൽകേണ്ടതുണ്ടെന്ന് കരുതുന്നില്ല.

(ജി) ഗ്രാമതല വികസന പ്രവർത്തകരെന്ന നിലയിൽ വിവിധ ഗ്രാമ വികസന പ്രവർത്തനങ്ങളും ഫീൽഡ് തലത്തിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഈ പരിശീലനത്തിലൂടെ പ്രാപ്തരാക്കുന്നു.

ബാലുശ്ശേരിയിലെ ഖാദി നെയ്ത്തു കേന്ദ്രം

140 [2750] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി അറപീടികയിൽ പ്രവർത്തിച്ചുവരുന്ന ഖാദി നൂൽനൂൽപ്പു നെയ്ത്തു കേന്ദ്രത്തിൽ ഇപ്പോഴും എത്ര നെയ്ത്തുകാരും നൂൽനൂൽപ്പുകാരും പ്രവർത്തിച്ചുവരുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇവിടെ എത്ര നൂൽനൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ജോലി നൽകാനുള്ള ചർക്കകളും തറികളും ഉണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) ഇവയ്ക്ക് കേടുപാടുവന്നാൽ അവ റിപ്പയർ ചെയ്യുന്നതിനുള്ള എന്തൊക്കെ സംവിധാനമാണ് അവിടെ ഉള്ളത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) നെയ്ത്തുമേഖലയിൽ 86 പേരും നൂൽപ്പുമേഖലയിൽ 35 പേരും പ്രവർത്തിച്ചുവരുന്നു.

(ബി) 39 നൂൽപ്പുകാർക്കും 94 നെയ്ത്തുകാർക്കും ജോലി നൽകാൻ സംവിധാനം ഉണ്ട്.

(സി) പുറമേനിന്ന് സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കിവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2682-ന്റെ ഉത്തരം ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly